# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 385 | 03.02.2014-ൽ മറുപടിക്ക്

## ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വർക്കല കഹാർ :<br>,, എ. റ്റി. ജോർജ് :<br>,, കെ. ശിവദാസൻ നായർ :<br>,, എം. എ. വാഹീദ് : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് നിയമം നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കാമോ ; | (എ) | ഉണ്ട് ; സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ, ലാബുകൾ എന്നിവയുടെ നിയന്ത്രണം, രജിസ്ട്രേഷൻ, ഫീസ് ഏകീകരണം എന്നിവയിലേയ്ക്കായി "ദി കേരളാ ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് ബിൽ" എന്ന പേരിലെ ബിൽ സർക്കാരിന്റെ പരിഗണനയിലാണ്. ഈ ബിൽ നിയമമാകുന്നതോടെ സംസ്ഥാനത്തെ സ്വകാര്യ ചികിത്സാ സ്ഥാപനങ്ങൾക്കു മേൽ സർക്കാരിന് വ്യക്തമായ നിയന്ത്രണം ഉണ്ടാകുന്നതാണ് എന്നു കരുതുന്നു. |
| (ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത നിയമം മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ ; | (ബി) | സംസ്ഥാനത്തെ ക്ലിനിക്കൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങളുടെയും സൗകര്യങ്ങളുടെയും ഏറ്റവും കുറഞ്ഞ നിലവാരം നിർണ്ണയിച്ചു കൊണ്ട് ആതുരസേവന രംഗത്ത് ഐക്യരൂപ്യം കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടാണ് പ്രസ്തുത നിയമം കൊണ്ടുവരുന്നത്. |
| (സി) ആരോഗ്യ സ്ഥാപനങ്ങളെ നിയന്ത്രിക്കാൻ എന്തെല്ലാം വ്യവസ്ഥകളാണ് പ്രസ്തുത നിയമത്തിൽ ഉൾപ്പെടുത്തിയിരിക്കു ന്നത് ; | (സി) | പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി, ക്ലിനിക്കൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങളുടെയും സൗകര്യങ്ങളുടെയും ഏറ്റവും കുറഞ്ഞ നിലവാരം നിശ്ചയിക്കുന്നതിനും അവയുടെ രജിസ്ട്രേഷനും, നിയന്ത്രണത്തിനുമാണ് ബില്ലിൽ പ്രധാനമായി വ്യവസ്ഥ ചെയ്യുന്നത്. ഈ ബില്ല് ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ഒരു സംവിധാനവും വിഭാവനം ചെയ്യുന്നു. പ്രതിരോധ വകുപ്പിന്റെ കീഴിലില്ലാത്ത, എല്ലാ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ഈ ബില്ലിലെ വ്യവസ്ഥകൾ ബാധകമാണ്. |

(.....2)

| | |
|---|---|
| (ഡി) ആയതിന്റെ നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ ? | (ഡി) ആരോഗ്യ വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥരേയും പ്രമുഖ സംഘടനാ നേതാക്കളെയും വിളിച്ചു കൂട്ടി 07.11.2012 -ൽ ബഹു. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ ചേമ്പറിൽ വച്ച് മീറ്റിംഗ് നടത്തുകയുണ്ടായി.അവിടെ ഉരിത്തിരിഞ്ഞു വന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളിച്ച് കൊണ്ട് കരട് രൂപം തയ്യാറാക്കി മന്ത്രിസഭയുടെ അംഗീകാരം, ബഹു.കേരള ഗവർണ്ണറുടെ അംഗീകാരം എന്നിവ വാങ്ങി, നിയമസഭാ സമ്മേളനത്തിൽ, ബിൽ സഭയിൽ അവതരിപ്പിക്കുന്നതിനായി ഫയൽ നിയമ വകുപ്പിന് കൈമാറിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ